പ്രബന്ധ സംഗ്രഹം

വീട്, യാത്ര എന്നീ പ്രമേയങ്ങൾ ആധുനിക മലയാള കവിതയിൽ

ജനനം മുതൽ മരണംവരെയുള്ള കർമ്മപരമ്പരയിൽ മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ് വീടും യാത്രയും. വീട്, യാത്ര എന്നിവയെക്കുറിച്ചുള്ള ഏതുതരം നിരീക്ഷണങ്ങളും അടിസ്ഥാനപരമായി ജീവിതത്തെക്കുറിച്ചുള്ള നിരീക്ഷണമാകുന്നു. ജനി മുതൽ മൃതി വരെയുള്ള മനുഷ്യ ജീവിതത്തിലുടനീളം സർവ്വതല സ്പർശിയായി നിൽക്കുന്നു എന്നതുകൊാണ് ഇവയെക്കുറിച്ചുള്ള അന്വേഷണങ്ങൾ ജീവിതബന്ധിയായി മാറുന്നത്. മനുഷ്യന്റെ അഭിമാനബോധത്തിന്റേയും കാഴ്ച്ചപ്പാടുകളുടേയും അടയാളപ്പെടുത്തൽ കൂടിയാണ് വീടും യാത്രയും. ഓരോ വ്യക്തിയുടേയും ജീവിതത്തിന് ഊർജ്ജവും പരിപോഷണവും നൽകുന്നവയാണ് വീടും യാത്രയും. ഇവയാണ് മനുഷ്യനെ രൂപപ്പെടുത്തുന്നതും നിർവ്വചിക്കുന്നതും. ഇവ രും പരസ്പര ബദ്ധമാണ്. ഏതെങ്കിലും ഒന്നിനെ മാറ്റിനിർത്തി മറ്റൊന്നിനെപ്പറ്റി പഠിക്കാനോ ചിന്തിക്കാനോ സാധ്യമല്ല. വീട്ടിൽ യാത്രയും യാത്രയിൽ വീടും രൂപപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്തെന്നുവരാം. അഹംബോധപരമായ എല്ലാറ്റിനേയും തോൽപ്പിക്കുകയോ പുനരാവിഷ്കരിക്കുകയോ ചെയ്യുന്നതാണ് യാത്രകൾ. വീടാകട്ടെ ഇവയെ കൂടുതൽ തെളിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഒരു വ്യക്തിയുടെ ജീവിതാഭിലാഷത്തിന്റെ സംതൃപ്തമായ പൂർത്തീകരണമാണ് വീടും കുടുംബവും സൃഷ്ടിക്കലിലൂടെ സംഭവിക്കുന്നത്. ഇതിന് വഴിയും വെളിച്ചവുമാകുന്നത് യാത്രകളാണ്. വീട്ടിലും യാത്രകളിലുമുള്ള സംഭവപരമ്പരകളുടെ ആകെത്തുകയാണ് ജീവിതം. ഇതിൽനിന്നും മനുഷ്യജീവിത ചക്രത്തിൽ വീടിനും യാത്രക്കുമുള്ള പ്രാധാന്യം എന്തെന്ന് മനസ്സിലാക്കാം.

ആധുനിക മലയാള കവിതയിൽ വീട്, യാത്ര എന്നീ പ്രമേയങ്ങളെ എങ്ങനെ ആവിഷ്ക്കരിച്ചിരിക്കുന്നു എന്നും അവയ്ക്കുള്ള പ്രാധാന്യവും പ്രസക്തിയും അന്വേഷിക്കുക എന്നതുമാണ് നിർദ്ദിഷ്ട ഗവേഷണത്തിന്റെ ലക്ഷ്യം. വീടിനെയും യാത്രയെയും വിവിധ ദിശകളിൽ സന്നിവേശിപ്പിച്ച് ധാരാളം കവിതകൾ രചിക്കുന്നതും ഈ പ്രമേയങ്ങൾ വ്യത്യസ്ത മാനങ്ങളോടെ ആവർത്തിച്ച് കവിതയിൽ പ്രത്യക്ഷപ്പെടുന്നതും സാഹിത്യാധുനികതയുടെ കാലത്താണ്. 1960 മുതൽ 1990 വരെയുള്ള കാലഘട്ടത്തെയാണ് മലയാള ആധുനികതയായി ഇവിടെ പരിഗണിക്കുന്നത്. എൻ.എൻ. കക്കാട് മുതൽ ബാലച

ന്ദ്രൻ ചുള്ളിക്കാട് വരെയുള്ള പതിനൊന്ന് കവികളുടെ കവിതകളെയാണ് പഠനവിദേയമാക്കിയിട്ടുള്ള ത്.

വീട് മലയാളികളുടെ സ്വകാര്യതയാണ്. വീട് ഭൂതകാലവും ഓർമ്മയുമാണ്. അവന് കിട്ടിയ സ്നേഹമാണ്. ആധുനികർ വീട് എന്ന അനുഭവരാശിയെ അതേപടി പ്രതിഫലിപ്പിക്കാനല്ല എഴുതുന്ന ത്. വീട് വ്യക്തി താമസിക്കുന്ന ഇടം എന്ന നിലയിൽ നിന്നും മറ്റു മാനങ്ങളിലേക്ക് വ്യാപ്തമാകുന്നു എന്നതാണ് ആധുനികരുടെ കവിതകളിൽ സംഭവിക്കുന്നത്. വീട് ചിലപ്പോൾ പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും പ്രതീകമായിത്തീരും. ചിലപ്പോൾ അത് ജീർണമായ എല്ലാറ്റിനേയും പ്രതിനി ധാനം ചെയ്യും. മറ്റ് ചിലപ്പോൾ അത് തുറസ്സുകളിലേക്ക് കടക്കാനുള്ള അഭിവാഞ്ഛയെ പ്രതിരോധി ക്കുന്ന തടവറയും വിലങ്ങുമായിത്തീരും. ചിലപ്പോൾ അത് അമ്മയും അച്ഛനും സ്നേഹവുമായിത്തീരു ന്നു. ചില കവിതകളിൽ വീട് നാടിന്റെ തന്നെ പ്രതീകമായിത്തീരുന്നു.

ആധുനിക കവിതാ മേഖലയിൽ ആറ്റൂർ രവിവർമ്മയുടെ *സ്വകാര്യത്തിലും കച്ചവടത്തിലും* മറ്റു മാണ് വീട് ആദ്യമായി ആവിഷ്കൃതമായത്. അയ്യപ്പപ്പണിക്കരുടെ *കുട്ടനാടൻ ദൃശ്യങ്ങൾ* തുടങ്ങിയ പല കവിതകളിലും വീട് എന്ന അനുഭവം ആവിഷ്കരിക്കപ്പെടുന്നു. സച്ചിദാനന്ദൻ വീടിനെപ്പറ്റി ഒട്ടേറെ കവിതകളെഴുതിയിട്ടു. *വീടുമാറ്റം, വീടുവിൽപ്പന* തുടങ്ങിയ രചനകൾ ഇവിടെ ഓർക്കാം. വീട് എന്ന അനുഭവത്തെ തന്റേതായ രീതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ള കവിയാണ് ഡി. വിനയചന്ദ്രൻ. നെല്ലിക്കൽ മുരളീധരന്റെ *വീട്, കൂടെ വരുന്നത്* തുടങ്ങിയ കവിതകളും ഇവിടെ അനുസ്മരണീയമാ ണ്. കടമ്മനിട്ടയുടെ കവിതയിൽ വീട് ഗ്രാമത്തിൽ മുങ്ങിപ്പോകുന്നു. അത് അദ്ദേഹത്തിന്റെ കാഴ്ചപ്പാ ടിനെത്തന്നെയാകണം പ്രതിധ്വനിപ്പിക്കുന്നത്. *ശാന്ത*യിൽ ഗൃഹചിത്രങ്ങളെ ഗ്രാമചിത്രങ്ങൾ ആവരണം ചെയ്തുനിൽക്കുന്നു. *കടിഞ്ഞൂൽപൊട്ടനിൽ* വീട് ഓർമ്മയായി ജ്വലിക്കുന്നു.

വീടുമായി ബന്ധപ്പെട്ടുകൊള്ള ഒരു പ്രമേയം തന്നെയാണ് നിഷ്കൃഷ്ട വിശകലനത്തിൽ യാത്രയും. യാത്ര ഒരാധ്യാത്മിക ചിഹ്നം കൂടിയാണ്. ബുദ്ധന്റെ നിഷ്ക്രമണം പ്രഖ്യാതമാണല്ലോ. വീടു വിട്ട് ഇറങ്ങിപ്പോകുന്ന ഉണ്ണിയെക്കുറിച്ച് സംവദിക്കുന്ന നിരവധി രചനകളു് ആധുനിക മലയാള കവിതയിൽ. വിനയചന്ദ്രന്റെ *യാത്രപ്പാട്ട്* ആറ്റൂരിന്റെ *പിതൃഗമനം*, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ *യാത്രാമൊഴി* എന്നിവയടക്കം ഉള്ള കവിതകൾ ചില പ്രത്യേക കാഴ്ചപ്പാടുകളെയാണ് സംബോധന

ചെയ്യുന്നത്. നിഷ്ക്രമണത്തിന്റെ തുടർച്ചയായോ അല്ലാതെയോ യാത്ര ചെയ്യൽ സാധ്യമാണ്. കാൽപനിക കവിതയുടെ കാലത്തുതന്നെ യാത്രാ കവിതകൾ കാൽപനിക മുഖമുദ്രകളോടെ മലയാളത്തിൽ പിറന്നുവീണിട്ടു്. പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ യാത്ര ആവർത്തിക്കപ്പെടുന്നത് ഉദാഹരണം. ആധുനികരിൽ മിക്കവരുടേയും രചനകളിൽ യാത്ര കടന്നുവരുന്നു. കക്കാടിന്റെ *തീർത്ഥാടനം*, *വജ്രകുണ്ഡലം* അയ്യപ്പപണിക്കരുടെ *ഗോത്രയാനം*, പാലൂരിന്റെ *തീർത്ഥയാത്ര*, നെല്ലിക്കൽ മുരളീധരന്റെ *ആനന്ദൻ* തുടങ്ങി ഒട്ടേറെ കവിതകൾ ചൂിക്കാണിക്കാനാവും. ഇവയിൽ വീട്ടിൽ നിന്നുള്ള യാത്രയും വീട്ടിലേക്കുള്ള യാത്രയും മുടിയനായ പുത്രന്റെ തിരിച്ചുവരവും ഉ്. ചിലേടത്ത് യാത്ര അലച്ചിലിന്റെ ദ്യോതകമായിത്തീരുന്നു്. അങ്ങനെ പല അർത്ഥവിതാനങ്ങളിലേക്ക് പടർന്നുപോകുന്നു യാത്ര എന്ന പ്രതീകം. തീർത്ഥാടനം, ദേശാടനം, മഹാപ്രസ്ഥാനം, വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്ര എന്നിങ്ങനെ പല മാനങ്ങളിലേക്ക് നമ്മെ കൊുപോകാൻ കഴിവുള്ള ഒരു രൂപകമാണ് യാത്ര.

എന്തായിരുന്നു എന്നതിൽ നിന്നും എന്താകണം എന്നതിലേക്കുള്ള ഒരു പ്രതീകാത്മക സഞ്ചാരവും കൂടിയാണ് യാത്ര. വീട് പലപ്പോഴും എന്തായിരുന്നു എന്നതിന്റെ പ്രതീകമായിത്തീരുന്നു. മലയാള നവീന കവിതയെ വ്യതിരിക്തമാക്കുന്ന അടയാളങ്ങളും കൂടിയാണ് വീട്, യാത്ര എന്നീ പ്രമേയങ്ങളുടെ ആവർത്തിച്ചുവരുന്ന ആവിഷ്കരണങ്ങൾ. നമ്മുടെ ഗാർഹിക ജീവിതത്തിന്റെ പ്രത്യേകതയും ജീവിതത്തിൽ അനിവാര്യമായി കുവരുന്ന അലച്ചിലും ആകാം ഈ ബിംബങ്ങൾക്ക് നമ്മുടെ നവീന കവിതയിൽ ഇത്രയും വലിയ ഇടം കിട്ടാൻ കാരണം.

ഈ പ്രബന്ധത്തെ അഞ്ച് അദ്ധ്യായങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. **വീട്, യാത്ര സങ്കൽപനവും സാംസ്കാരിക വിവക്ഷകളും** എന്ന ഒന്നാം അധ്യായത്തിൽ പ്രസ്തുത സങ്കൽപനങ്ങളെയും അവയുടെ സാംസ്കാരിക വിവക്ഷകളെയും കുറിച്ചുള്ള നിരീക്ഷണമാണ്. ഈ അധ്യായത്തിന്റെ ആദ്യഭാഗത്ത് വീടിനെ കുറിച്ചുള്ള വിശകലനമാണ് നടത്തിയിട്ടുള്ളത്. വീട് സാമാന്യ നിരീക്ഷണം, വീട് എന്ന പരികൽപനയുടെ നാനാർത്ഥങ്ങൾ, എന്തുകൊ് വീട് എന്ന പദം സ്വീകരിക്കുന്നു. വീട് എന്ന പരികൽപനയുടെ വ്യത്യസ്ത മാനങ്ങൾ–ചരിത്രം, സാമൂഹികം, സാംസ്കാരികം എന്നിങ്ങനെ പ്രത്യേകമായിട്ടാണ് വീടിനെ പഠിച്ചിരിക്കുന്നത്. ചരിത്രം എന്ന ഭാഗത്തിൽ വാസ്തുവിദ്യയെകുറിച്ചും സൂചിപ്പിച്ചിട്ടു്. മനുഷ്യജീവിതത്തിൽ വീടിനും കുടുംബത്തിനും ഉള്ള പ്രാധാന്യവും പ്രസ

ക്തിയും എന്തെന്ന് മനസ്സിലാക്കാനും എങ്ങനെയെല്ലാമാണ് വീട് മലയാളിയിൽ ശക്തമായ വികാരവും വിവേകവും ആവേശവുമായി നിൽക്കുന്നത് എന്ന് കത്തൊനുമുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഈ അധ്യായത്തിന്റെ തന്നെ രാം ഭാഗം യാത്രയെ കുറിച്ചുള്ള വിശകലനമാണ്. യാത്ര സാമാന്യനിരീക്ഷണം, യാത്ര എന്ന പരികൽപനയുടെ നാനാർത്ഥങ്ങൾ, യാത്ര എന്ന പരികൽപനയുടെ വ്യത്യസ്ത മാനങ്ങൾ – ചരിത്രം, സാമൂഹികം, സാംസ്കാരികം എന്നിങ്ങനെ പ്രത്യേകമായിട്ടാണ് യാത്രയെയും പഠിച്ചിരിക്കുന്നത്. ഇതിലൂടെ മനുഷ്യജീവിതത്തിൽ യാത്രയ്ക്കുള്ള പങ്കും പ്രാധാന്യവും മനസ്സിലാക്കുന്നതോടൊപ്പം അവന്റെ വ്യത്യസ്തതരം യാത്രയെ കുറിച്ചും ലക്ഷ്യങ്ങളെ കുറിച്ചും മനസ്സിലാക്കാൻ ശ്രമിച്ചിട്ടു്. വീടും യാത്രയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഇവിടെ നിരീക്ഷിച്ചിട്ടു്. ഈ അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് ഭാരതീയ ഇതിഹാസങ്ങളിലും മതഗ്രന്ഥങ്ങളിലും വീടും യാത്രയും എങ്ങനെ ആവിഷ്ക്കരിച്ചിരിക്കുന്നു എന്നും പഠിച്ചിരിക്കുന്നു.

വീട്, യാത്ര എന്നീ പ്രമേയങ്ങൾ ആധുനികതാപൂർവ്വ മലയാള കവിതയിൽ എന്ന രാം അധ്യായത്തിൽ നിർദ്ദിഷ്ട പ്രമേയങ്ങൾ ആധുനികതാപൂർവ മലയാളകവിതകളിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെന്ന് പരിശോധിച്ചിരിക്കുന്നു. ഉണ്ണുനീലിസന്ദേശം എന്ന കാവ്യം മുതൽ ഒ.എൻ.വി കുറുപ്പുവരെയുള്ളവരുടെ കവിതകളെ തെരഞ്ഞെടുത്ത് പഠിച്ചിരിക്കുകയാണിവിടെ. ഈ പഠനത്തിലൂടെ ആ കാലഘട്ടത്തിലെ കവികൾ വീടിനേയും യാത്രയേയും അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയെന്നും ഏതെല്ലാം തരത്തിലാണ് പ്രസ്തുത കവിതകളിൽ വീടും യാത്രയും പ്രതീകവൽക്കരിച്ചിരിക്കുന്നത് എന്നും മനസ്സിലാക്കുന്നു. **വീട് ആധുനിക മലയാളകവിതയിൽ** എന്ന മൂന്നാം അധ്യായത്തിൽ ആധുനിക കവിതയിലെ പ്രമുഖർ എന്ന് സാഹിത്യലോകം വിലയിരുത്തിയ എൻ.എൻ. കക്കാട്, കെ.അയ്യപ്പപ്പണിക്കർ, ആറ്റൂർ രവിവർമ്മ, എം.എൻ. പാലൂർ, കടമ്മനിട്ട രാമകൃഷ്ണൻ, കെ. സച്ചിദാനന്ദൻ, കെ.ജി. ശങ്കരപ്പിള്ള, ഡി. വിനയചന്ദ്രൻ, നെല്ലിക്കൽ മുരളീധരൻ, എ. അയ്യപ്പൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ വീട് പ്രമേയമാകുന്ന കവിതകളെ പ്രാതിനിധ്യസ്വഭാവമനുസരിച്ച് തെരഞ്ഞെടുത്ത് പഠിച്ചിരിക്കുകയാണ്. ആധുനിക കവിതയിലെ ഗൃഹസങ്കൽപത്തെ കുറിച്ചുള്ള ഈ അന്വേഷണത്തിലൂടെ കാലാകാലങ്ങളിൽ നിലനിന്നിരുന്ന സങ്കൽപത്തിൽ നിന്നും വിരുദ്ധമായ വീടിടങ്ങളെയാണ് കത്തുന്നത്. ചിലർക്ക് വീട് അലിവും അഭയവുമാകുമ്പോൾ മറ്റു ചിലരിലാകട്ടെ പുറംലോകം

കാണാൻ കഴിയാത്ത തടവറയാണെന്ന് ഈ കവിതകളിലൂടെ സൂചിതമാകുന്നു. വ്യക്തികൾ താമസിക്കുന്ന ഇടം എന്ന നിലയിൽ നിന്നും വ്യത്യസ്തമായ തലങ്ങളിലേക്ക് അത് വ്യാപിക്കുന്നു. ഒരേ സമയം പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും പ്രതീകമായും അവയുടെ സങ്കീർണതകളുടെ പ്രതീകമായും വീട് മാറുന്നു. ഗൃഹമെന്നത് ചിലപ്പോൾ ബന്ധങ്ങളുടെ ചങ്ങലക്കണ്ണിയായി മാറുന്നതു കാണാം. അതു കൊുതന്നെയാണ് ചിലർക്കെങ്കിലും വീട് അമ്മയാകുന്നത്. വീടെന്ന വ്യവസ്ഥക്കു കീഴടങ്ങുമ്പോൾ തന്നെ അതിനെ ഉപേക്ഷിച്ചുപോവുക എന്ന അവസ്ഥയും ആധുനികർ നേരിട്ടു. പലപ്പോഴും വാടകമുറിയും സത്രവും കടത്തിണ്ണയും വീടായി പരിണമിക്കുന്നു. കൂട്ടുകുടുംബത്തിലെ ബന്ധസമൃദ്ധിയും അണുകുടുംബങ്ങളിലെ ശുഷ്കതയും കവിതകളിൽ വെളിപ്പെട്ടു. ചുരുക്കത്തിൽ കല്ലും മരവും കൊ് കെട്ടിയ മതിലും ഗേറ്റുമുള്ള വീടെന്ന നിലയിൽ നിന്നും മനസ്സുകൊു കെട്ടിപ്പൊക്കിയ വിഭിന്നതലങ്ങളെ പ്രതിനിധാനം ചെയ്യുന്ന അനുഭവതലങ്ങളായി ആധുനിക കവിതയിൽ വീട് എന്ന പ്രമേയം അനുഭവിതമാകുന്നു.

യാത്ര ആധുനിക മലയാള കവിതയിൽ എന്ന നാലാം അധ്യായത്തിൽ പ്രസ്തുത കവികളുടെ യാത്ര പ്രമേയമാകുന്ന കവിതകളെ പ്രാതിനിധ്യ സ്വഭാവമനുസരിച്ച് തെരഞ്ഞെടുത്ത് വിശകലനം ചെയ്തിരിക്കുന്നു. ആധുനിക മലയാള കവിതയിലെ യാനസങ്കൽപത്തെ കുറിച്ചുള്ള അന്വേഷണം വിരൽ ചൂുന്നത് ആധുനികർ പൊതുവിൽ നേരിട്ട ചില സമസ്യകളിലാണ്. നഗരവൽക്കരണവും വ്യക്തിപരമായി അനുഭവപ്പെട്ട അന്യവൽക്കരണവും അക്കാലത്തെ മനുഷ്യജീവിതത്തെ വല്ലാതെ പിടിച്ചുലച്ചിരുന്നു. സ്വസ്ഥമാകേ ഇരിപ്പിടങ്ങളിൽ നിന്നും അന്തമില്ലാത്ത അലച്ചിലിലേക്ക് മനുഷ്യൻ എടുത്തെറിയപ്പെടുകയായിരുന്നു എന്നുവേണം വിചാരിക്കാൻ. നാടും വീടും ഉപേക്ഷിച്ചുള്ള യാത്രകൾ ഒരർത്ഥത്തിൽ അവയെ ഓർക്കുന്തോറും കൂടുതൽ മധുരം നൽകുന്ന അനുഭവങ്ങളാക്കി മാറ്റുന്നു. പിൻവിളികൾക്ക് കാതോർത്തുള്ളതായിരുന്നു പല പടിയിറക്കങ്ങളും. ചിലതാകട്ടെ ഒരിക്കലും തിരിച്ചു വരില്ലെന്നുറപ്പിച്ചതും. പരിചിതമായതെല്ലാം ഉപേക്ഷിച്ച് പുത്തൻ രഥ്യകളിലൂടെയുള്ള യാത്ര മനുഷ്യനെ ഏറെ മാറ്റിമറിക്കുന്നുവെന്ന് കാവ്യാനുഭവങ്ങൾ പഠിപ്പിക്കുന്നു. അന്വേഷണങ്ങൾ പലപ്പോഴും മാനവചരിത്രത്തിന്റെ ആദിയോളം ചെന്നെത്തിനിൽക്കുന്നു. അവനവന്റെ ജീവിത സമസ്യകൾക്കുള്ള ഉത്തരം അന്യജീവിതങ്ങളിലൂടെ കത്തൊൻ കഴിയുന്നു എന്നതും ഈ യാത്രകളുടെ സാഫല്യത്തെ കുറി

ക്കുന്നു. പലപ്പോഴും തന്റെയുള്ളിലുള്ള വിശ്വാസങ്ങളും തന്നെരൂപപ്പെടുത്തിയ കുടുംബവും അവനോടൊപ്പം യാത്ര ചെയ്യുന്നു എന്നും ആധുനിക കാലത്തിന്റെ പ്രത്യേകതയായി ഈ കവിതകളിലൂടെ തിരിച്ചറിയുന്നു. പ്രബന്ധത്തിലെ അപഗ്രഥത്തിലൂടെ ഉരുത്തിരിഞ്ഞ ഉപദർശനങ്ങളുടെ ക്രോഡീകരണമാണ് **ഉപസംഹാരം** എന്ന അഞ്ചാം അധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.